# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26

ജെ.പി.ഇ.എച്ച്.എസ്.എസ്

കൂർക്കഞ്ചേരി, തൃശ്ശൂർ

# ആമുഖം

സമഗ്രഗുണമേന്മാ പദ്ധതി സാർത്ഥകമാക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് തയ്യാറാക്കിയ ഒരു അക്കാദമിക് മാസ്റ്റർ പ്ലാനാണിത്. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളാണ് ഇതിൽ ആസൂത്രണം ചെയ്തിരിക്കുന്നത്.

ഓരോ ക്ലാസിലും കുട്ടി പാഠ്യപദ്ധതി ലക്ഷ്യമിട്ട നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതൊടൊപ്പം തന്നെ മതനിരപേക്ഷത, ജനാധിപത്യസംസ്കാരം, അടക്കമുള്ള സാമൂഹ്യമൂല്യങ്ങൾ വികസിക്കാനാവശ്യമായ സന്ദർഭങ്ങൾ ഒരുക്കാനും ശ്രമിക്കുന്നു.

ഓരോ കുട്ടിയ്ക്കും സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേയ്ക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനും ഉള്ള അവസരങ്ങൾ വിദ്യാലയത്തിൽ സൃഷ്ടിക്കുന്നു. എല്ലാ വിഭാഗം കുട്ടികളെയും പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

ഇപ്രകാരം ക്ലാസ്മുറിയിൽ പഠനം നടത്തുന്ന മുഴുവൻ കുട്ടികളുടെയും സജീവവും സർഗാത്മകവുമായ പങ്കാളിത്തം പഠനപ്രവർത്തനങ്ങളിൽ ഉറപ്പുവരുത്തി. ഓരോ കുട്ടിയുടെയും

കഴിവ് തിരിച്ചറിഞ്ഞ് ഞാൻ ഏറ്റവും മികച്ച നിലയിലേക്ക് ഉയർത്താനും വളർത്താനും ആവശ്യമായ പൊതുവിദ്യാലയത്തെ മുന്നിൽ നിർത്താനും സഹായകമായ ഒരു പ്രതീക്ഷയോടെയാണ് ഞങ്ങൾ 2025-26 അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

## ലക്ഷ്യം

* SSLC 100% വിജയം
* വിദ്യാർത്ഥികൾക്ക് Full A+ നേടുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
* സ്കോളർഷിപ്പുകൾ കരസ്ഥമാക്കുക (U.S.S & NMMS)
* മാലിന്യമുക്തവിദ്യാലയം.
* പഠനനിലവാരം മെച്ചപ്പെടുത്തുക.
* വിവിധ വിഷയങ്ങളിലൂന്നിക്കൊണ്ടുള്ള ബോധവൽക്കരണ ക്ലാസുകൾ.

## അവസ്ഥാവിശകലനം

ശക്തമായ Management സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ഒറ്റക്കെട്ടായി നിൽക്കുന്ന P.T.A ഞങ്ങളുടെ വിദ്യാർത്ഥികൾക്കായി ആത്മാർത്ഥമായി പ്രവർത്തിക്കുന്ന സ്റ്റാഫംഗങ്ങൾ എന്നിവ നമ്മുടെ വിദ്യാലയ പ്രവർത്തനങ്ങൾക്ക് ശക്തി പകരുന്ന ഘടകങ്ങളാണ്.

സ്കൂളിലെ ഭൗതികസാഹചര്യങ്ങൾ മുൻവർഷങ്ങളെ അപേക്ഷിച്ച് മെച്ചപ്പെടുത്താനായി സാധിച്ചിട്ടുണ്ട്. [illegible]

നവീകരണ പ്രവർത്തനങ്ങൾ നടത്താമെന്നാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

സാമ്പത്തികമായി പിന്നോക്കാവസ്ഥയിലൂടെ ധാരാളം വിദ്യാർത്ഥികൾ പഠിക്കുന്ന ഒരു വിദ്യാലയത്തിന് പഠന പിന്തുണ ആവശ്യമുള്ള വിദ്യാർത്ഥികളെ അധ്യാപകർ കണ്ടെത്തുകയും രക്ഷിതാക്കളുടെ സഹകരണത്തോടെ കുട്ടികൾക്കാവശ്യമായ പിന്തുണ നൽകുകയും ചെയ്യുന്നു.

## പദ്ധതി വിശദാംശങ്ങൾ

| | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ഭൗതികം | മാലിന്യമുക്ത വിദ്യാലയം | വിദ്യാലയ മാലിന്യങ്ങളെ തരം തിരിച്ച് ശേഖരിക്കുക | 1 വർഷം | ശാസ്ത്ര ക്ലബ് | — |
| അക്കാദമികം | പഠനവിടവ് നികത്തൽ | പ്രത്യേക പിന്തുണ | 1 വർഷം | അധ്യാപകർ | — |
| | പഠന നിലവാരം ഉയർത്തൽ | പ്രത്യേക ക്ലാസുകൾ | ജൂലൈ - ഫെബ്രുവരി | അധ്യാപകർ, R.P. | അധ്യാപകർ |
| സാമൂഹികം | സമൂഹത്തിൽ കാണുന്ന തെറ്റായ ധാരണകൾ | ബോധവൽക്കരണ ക്ലാസുകൾ. | ജൂൺ | അധ്യാപകർ | — |

# സ്കൂൾ പ്രൊഫോർമ I (Academic Year 2025-2026)

## വിദ്യാർത്ഥികളുടെ അംഗസംഖ്യ

## വിദ്യാഭ്യാസ ഡയറക്ടറാഫീസ്, തിരുവനന്തപുരം

| റവന്യൂ ജില്ലയുടെ പേര് : Thrissur | | |
|---|---|---|
| 1 | വിദ്യാലയത്തിന്റെ പേര് | J. P. E. H. S. KOORKANCHERY |
| 2 | വിലാസം | koorkenchery |
| 3 | ഫോൺ നമ്പർ | 2423364 |
| 4 | ഇ-മെയിൽ വിലാസം | jpehs@yahoo.in |
| 5 | സ്കൂൾ കോഡ് | 22007 |
| 6 | ആൺകുട്ടികൾ/<br>പെൺകുട്ടികൾ/<br>രണ്ടുംകൂടിയുള്ളത് | രണ്ടുംകൂടിയുള്ളത് |
| 7 | സർക്കാർ/ എയിഡഡ് /അൺഎയിഡഡ് | Aided |
| 8 | ക്ലാസ് ( സ്റ്റാൻഡേർഡ് ) | ആരംഭം: 5 അവസാനം: 12 |
| 9 | സ്കൂൾ നടത്തുന്ന സർക്കാർ വകുപ്പിന്റെ പേര് * | General |
| 10 | വിദ്യാഭ്യാസ ഉപജില്ല | Thrissur West |
| 11 | വിദ്യാഭ്യാസ ജില്ല | Thrissur |
| 12 | സ്കൂൾ സ്ഥാപിച്ച വർഷം | 1943 |
| 13 | അസംബ്ലി നിയോജകമണ്ഡലം | Ollur |
| 14 | പാർലമെന്റ് നിയോജകമണ്ഡലം | Thrissur |
| 15 | റൂറൽ/അർബൻ | Urban |
| 16 | ബ്ലോക്ക് | |
| 17 | താലൂക്ക് | Thrissur |
| 18 | പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ | Thrissur |

* വകുപ്പിന്റെ പേര് - പൊതു വിദ്യാഭ്യാസ വകുപ്പ് , ഫിഷറീസ് വകുപ്പ്, ട്രൈബൽ വകുപ്പ്, സാങ്കേതിക വകുപ്പ് മുതലായവ

(മറുപുറം)

[illegible] 10 ജൂൺ 2025

വിദ്യാർത്ഥികളുടെ എണ്ണം

| STD | No of Divisions | ആകെ | | | പട്ടികജാതി | | | പട്ടികവർഗ്ഗം | | | മുസ്ലീം | | | *മറ്റ് ന്യൂനപക്ഷ സമുദായങ്ങൾ | | | *ഒ. ഇ. സി | | | [illegible] | | | [illegible] | | | [illegible] | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 5 | 2 | 27 | 20 | 47 | 4 | 5 | 9 | 0 | 0 | 0 | 8 | 2 | 10 | 4 | 3 | 7 | 9 | 9 | 18 | 2 | 1 | 3 | 14 | 7 | 21 | 13 | 13 | 26 |
| 6 | 2 | 31 | 16 | 47 | 3 | 3 | 6 | 0 | 0 | 0 | 5 | 7 | 12 | 14 | 2 | 16 | 6 | 4 | 10 | 4 | 0 | 4 | 19 | 9 | 28 | 12 | 7 | 19 |
| 7 | 2 | 36 | 14 | 50 | 10 | 2 | 12 | 0 | 0 | 0 | 6 | 1 | 7 | 4 | 3 | 7 | 14 | 6 | 20 | 2 | 2 | 4 | 13 | 3 | 16 | 23 | 11 | 34 |
| 8 | 3 | 43 | 30 | 73 | 10 | 10 | 20 | 0 | 0 | 0 | 8 | 6 | 14 | 8 | 1 | 9 | 14 | 12 | 26 | 3 | 1 | 4 | 15 | 11 | 26 | 28 | 19 | 47 |
| 9 | 2 | 59 | 11 | 70 | 10 | 3 | 13 | 0 | 0 | 0 | 7 | 1 | 8 | 16 | 1 | 17 | 22 | 5 | 27 | 4 | 1 | 5 | 23 | 4 | 27 | 36 | 7 | 43 |
| 10 | 2 | 65 | 16 | 81 | 11 | 2 | 13 | 0 | 0 | 0 | 14 | 3 | 17 | 13 | 4 | 17 | 26 | 6 | 32 | 1 | 1 | 2 | 31 | 7 | 38 | 34 | 9 | 43 |
| ആകെ | | 261 | 107 | 368 | 48 | 25 | 73 | 0 | 0 | 0 | 48 | 20 | 68 | 59 | 14 | 73 | 91 | 42 | 133 | 16 | 6 | 22 | 115 | 41 | 156 | 146 | 66 | 212 |

*മറ്റ് ന്യൂനപക്ഷ സമുദായങ്ങൾ :ക്രിസ്ത്യൻസ് , സിക്ക് , ബുദ്ധിസ്റ്റ് , സൊരാഷ്ട്രിയൻസ് (പാഴ്സി )

മീഡിയം അടിസ്ഥാനമാക്കിയുള്ള കുട്ടികളുടെ എണ്ണം

| സ്റ്റാൻഡേർഡ് | മലയാളം | | | ഇംഗ്ലീഷ് മീഡിയം | | | തമിഴ് | | | കന്നട | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 5 | 4 | 5 | 9 | 23 | 15 | 38 | 0 | 0 | 0 | 0 | 0 | 0 | 27 | 20 | 47 |
| 6 | 5 | 2 | 7 | 26 | 14 | 40 | 0 | 0 | 0 | 0 | 0 | 0 | 31 | 16 | 47 |
| 7 | 10 | 2 | 12 | 26 | 12 | 38 | 0 | 0 | 0 | 0 | 0 | 0 | 36 | 14 | 50 |
| 8 | 19 | 6 | 25 | 24 | 24 | 48 | 0 | 0 | 0 | 0 | 0 | 0 | 43 | 30 | 73 |
| 9 | 16 | 4 | 20 | 43 | 7 | 50 | 0 | 0 | 0 | 0 | 0 | 0 | 59 | 11 | 70 |
| 10 | 21 | 1 | 22 | 44 | 15 | 59 | 0 | 0 | 0 | 0 | 0 | 0 | 65 | 16 | 81 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ആകെ | 75 | 20 | 95 | 186 | 87 | 273 | 0 | 0 | 0 | 0 | 0 | 0 | 261 | 107 | 368 |

| ഭാഷാടിസ്ഥാനത്തിലുള്ള കുട്ടികളുടെ എണ്ണം | | | | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| സ്റ്റാൻഡേർഡ് | മലയാളം | | | സംസ്കൃതം | | | അറബി | | | ഉറുദു | | | ഗുജറാത്തി | | | തമിഴ് | | | കന്നട | | | മറ്റ് ഭാഷ | | |
| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 5 | 14 | 3 | 17 | 4 | 12 | 16 | 9 | 5 | 14 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 6 | 12 | 2 | 14 | 13 | 7 | 20 | 6 | 7 | 13 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 7 | 14 | 9 | 23 | 15 | 3 | 18 | 7 | 2 | 9 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 8 | 24 | 14 | 38 | 10 | 11 | 21 | 9 | 5 | 14 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 9 | 38 | 5 | 43 | 15 | 4 | 19 | 6 | 2 | 8 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 10 | 34 | 7 | 41 | 20 | 7 | 27 | 11 | 2 | 13 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| ആകെ | 136 | 40 | 176 | 77 | 44 | 121 | 48 | 23 | 71 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

സ്ഥലം :

തീയതി :

ഹെഡ്മാസ്റ്ററുടെ ഒപ്പ്

Report Taken on June 10, 2025, 3:10 pm

## FACULTIES

| SL.NO | NAME | DESIGNATION |
|---|---|---|
| 1 | VRINDA C S | HEADMISTRESS |
| 2 | MINI MECHERY | H S A MATHS |
| 3 | SHAMMY VARGHESE, | H S A MATHS |
| 4 | BINNA JOHN M | H S A (S S) |
| 5 | JIJI C D | H S A HINDI |
| 6 | MAYA M B | H S A PHY.SCIE. |
| 7 | ROSEMOL J ALAPPAT | H S A PHY. SCIE |
| 8 | SINDHU K ELAVATHINGAL | H S A MAL. |
| 9 | SHEEBA ANTONY P | H S A MAL. |
| 10 | FINCY T FRANCIS | H S A ENG. |
| 11 | NISHA V R | H S A ENG |
| 12 | RASMI M S | H S A NAT. SCIE |
| 13 | SWAPNA P.C. | H S A SANSKRIT |
| 14 | ZEENATH K P | H S A ARABIC |
| 15 | SEEMATH M. DAVIS | H S A MUSIC |
| 16 | ARUNDAS P U | PHY.EDN |
| 17 | JELLY C.THOMAS | U P S A |
| 18 | BINDU V.G | U P S A |
| 19 | SHEEJA C.L | U P S A |
| 20 | REENA T.L | U P S A |
| 21 | JOICY JOSE | U P S A |
| 22 | LITTY FRANCIS CHIMMEN | U P S A |
| | NON TEACHING STAFF | |
| 1 | NISHA JOHN P | CLERK |
| 2 | ROLDON C R | OFFICE ATTENDANT |
| 3 | RONY P U | OFFICE ATTENDANT |
| 4 | NIVEDHYA THAMBI | F T M |

മലയാളം അക്ഷരങ്ങൾ പഠിക്കണമെന്ന്

വിദ്യാർത്ഥികളോട്

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-'26

## മലയാളം

ഒരു ജനതയ്ക്ക് കരുത്തും ആത്മവിശ്വാസവും നൽകുന്നതിൽ മാതൃഭാഷയ്ക്ക് നിർണ്ണായകമായ പങ്കുണ്ട്. മലയാളം നമ്മുടെ അഭിമാനവും സത്വത്തിന്റെ അടയാളവുമാണ്. മഹത്തായ ഒരു സാഹിത്യസമ്പത്തും വിജ്ഞാന സമ്പത്തും നമ്മുടെ മാതൃഭാഷയായ മലയാളം ഉൾക്കൊള്ളുന്നു. അതിന് അവകാശികളായിത്തീരാൻ മലയാളം ഭാഷാപഠനത്തിലൂടെ സാധിപ്പെടുത്താം

സമർപ്പിക്കുന്നു . . . . . .

യു. പി വിഭാഗവും

&

ഹൈസ്കൂൾ വിഭാഗവും.

# പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഉപരിപഠനത്തിനു ഉള്ളിൽ ട്ടിയിൽ സംസ്കാരത്തിന് വിരാമം | സ്കൂൾ സിലബസ്സിനു പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ധരിൽ നിന്ന് പരിശീലനം | അവധി. കാലം | പിടിഎ അധ്യാപകർ | സമിതി. മാസം |

## മേഖല യു.പി, എച്ച്.എസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, ആശയ സംവേദനം നടത്തുവാനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുന്നു. | ഓണം അവധിക്കാലം പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ് ) അവതരിപ്പിക്കുന്നു.<br>ഭാഷാശേഷി<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്, അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെടു | ജൂൺ മാസം. | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചിലവാകുന്ന കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| | • കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |
| 2. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുന്നു. | <u>വാർത്താലോകത്തേക്ക്</u>: പത്രം, ആഴ്ചപ്പതിപ്പ്, പ്രതിമാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. വാർത്താവായന നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ തെരഞ്ഞെടുപ്പ് നടത്തി വായിക്കാൻ കുട്ടികൾക്ക് അവസരം കൊടുക്കുന്നു. | മാസം. വർഷത്തിൽ 3 തവണ | മലയാളം ക്ലബ്; പ്രധാന അധ്യാപകർ | മലയാളം ക്ലബ്; പി.ടി.എ |
| | റേഡിയോ [illegible], റേഡിയോ അവതരണം എന്നിവ നടപ്പിലാക്കാൻ തീരുമാനിക്കുന്നു. | വർഷത്തിൽ 2 തവണ | മലയാളം അധ്യാപകർ | മലയാളം ക്ലബ് |
| 3. സാഹിത്യ [illegible] സാഹിത്യകാരന്മാരോടുള്ള അടുപ്പം | സംവാദം / മുഖാമുഖം: സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവ | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| | • [illegible] അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു | 2 വർഷം | മലയാളം, ഐ.ടി അധ്യാപകർ | മലയാളം ക്ലബ് |
| 4. മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടിയെടുക്കൽ. സമഗ്ര സർഗ്ഗാത്മക ശേഷി വളർത്തൽ | <u>ഇ - കമ്പ്യൂട്ടിംഗ്</u><br>മുഴുവൻ കുട്ടികളേയും മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുകയും ഇ- മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | 2 വർഷം | മലയാളം ഐ.ടി അധ്യാപകർ | മലയാളം ക്ലബ് |
| | • മുഴുവൻ പഠിതാക്കളുടെ സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കൽ. | അക്കാദമിക് വർഷം | പി.ടി.എ. | പി.ടി.എ |
| 5. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | <u>രംഗാവിഷ്കാരം.</u><br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട്, ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ എന്നിവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. നാടക കലാകാരൻ, മററു കലാകാരന്മാരെയും പങ്കെടുപ്പിച്ച് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം. | പി.ടി.എ. | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 6. കുട്ടികളുടെ ആകാശ-വാണി, F.M അവതരണ മികവ് | ഈ വർഷം FM തുടങ്ങുവാനായി ആലോചിക്കുന്നു. തുടർന്ന് വരും ദിവസങ്ങളിൽ കൃത്യമായി നടത്തുവാൻ plan ചെയ്യുന്നു. | ആദ്യം ആഴ്ചയിൽ ഒരു ദിനം. പിന്നീട് ദിവസവും | ക്ലാസ് ലീഡർ, തെരഞ്ഞെടുത്ത പ്രതിനിധികൾ, മലയാളം അധ്യാപകർ | വിവിധ ക്ലബുകൾ |
| 7. സദസ്സിനെ അഭിമുഖീകരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക. | • പ്രസംഗപരിശീലനക്കളരി വിവിധ വിഷയങ്ങളിൽ കുഞ്ഞു പ്രസംഗങ്ങൾ നൽകി അവതരിപ്പിക്കാനുള്ള അവസരം മികച്ച പ്രസംഗങ്ങളുടെ ഓഡിയോ/ വീഡിയോ കേൾക്കാനുള്ള അവസരം | 6 മാസം. ജൂലായ് - ഡിസംബർ | അധ്യാപകർ | പി.ടി.എ |
| 8. പ്രശ്ന പരിഹാര ശേഷി ആർജിക്കാൻ കുട്ടികൾക്ക് പരിശീലനം | ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു. തിരിച്ചറിയുന്നു പദങ്ങൾ കണ്ടെത്തുന്നു. പറയുന്നു. | ജൂൺ - മാർച്ച് വരെ | അധ്യാപകർ | വായനാമൂല പി.ടി.എ |

# അക്കാദമിക മാസ്റ്റർ പ്ലാൻ-2025-26

## ആരോഗ്യ കായിക വിദ്യാഭ്യാസം. ജെപിഎ എച്ച്എസ്എസ് കുർക്കഞ്ചേരി

**മേഖല** : ആരോഗ്യകായിക വിദ്യാഭ്യാസം

**ഉദ്ദേശം** :കുട്ടികളിൽ ആരോഗ്യ കായിക ക്ഷമത കൈവരിക്കുക.

:അനുയോജ്യമായ കായിക ഇനങ്ങളുടെ നൈപുണികൾ സ്വായത്തമാക്കുക

**ഉപമേഖല** :1 കായിക മേഖല

:2 ആരോഗ്യ മേഖല

**ആമുഖം**

കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളിൽ നടത്തിയ പഠനമനുസരിച്ച് കുട്ടികളിൽ കായിക ക്ഷമത അനുദിനം കുറഞ്ഞുവരുന്നുകൊണ്ടിരിക്കുകയാണ്.ശരിയായ ആരോഗ്യകായികഅവബോധമില്ലായ്മയാണ് പ്രധാനമായി ചൂണ്ടിക്കാണിക്കുന്നത്.കുട്ടിക്കാലത്തെ പ്രസരിപ്പുള്ള ജീവിത ശൈലി,യൗവനത്തിനും വാർദ്ധക്യത്തിലുമുള്ള ആരോഗ്യത്തിന് നേരിട്ട് ഗുണം ചെയ്യുന്നു. എന്നാൽ ആധുനിക ജീവിതശൈലി കുട്ടികളെയും മുതിർന്നവരെയും ഒന്നുപോലെ പ്രവർത്തന മാന്ദ്യമുള്ളവരാക്കുന്നു.ചില സംസ്കാരങ്ങളിൽ വളർന്നവർക്കിടയിൽ നിഷ്ക്രിയത്വവും,അനന്തരഫലമായുള്ള,അമിതമേദസ്സും,രോഗങ്ങളും ഒരു പ്രതിസന്ധി അനുപാതികത്തിൽ എത്തിയിരിക്കുന്നു. ലോകത്തുള്ള മറ്റേതു രാജ്യത്തെക്കാളും ജനിതകമായി തന്നെ ഹൃദ്രോഗത്തിന് സാധ്യത ഇന്ത്യക്കാർക്കാണെന്ന് അടുത്തകാലത്ത് നടന്ന പഠനത്തിൽ മനസ്സിലാകുന്നു.ഇന്ത്യയിൽ 35 നും 64 നും ഇടയ്ക്കുള്ള പ്രായത്തിൽ,ഹൃദ്രോഗത്തിലൂടെ ജീവിതം പൊലിഞ്ഞുപോയവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നു.

ലോകത്തിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന"പ്രമേഹം"എന്ന മഹാമാരി ഭീഷണി ഉയരുന്നത് ഇന്ത്യയിലാണ്.100 കോടിയിലധികം വരുന്ന ഇന്ത്യൻ ജനത,മധ്യവയസ്സിനു ശേഷം പിടിപെടുന്ന പ്രമേഹം(ടൈപ്പ്2) സാധ്യത വളരെ കൂടുതലാണ്.കാരണം കൂടുതൽ പാശ്ചാത്യവൽകൃതമായ ജീവിതശൈലിയിൽ,കൊഴുപ്പ് കൂടിയ ആഹാരം കഴിക്കുന്നതു കൊണ്ടും വ്യായാമത്തിന്റെ അഭാവം മൂലവുമാണ്.

ഇന്ത്യയിൽ പ്രമേഹ രോഗികളുടെ എണ്ണം വർദ്ധിക്കുന്നു.രാജ്യത്ത് 10 കോടിയിലധികം രോഗികൾ എന്ന് സർവ്വേ ഫലം (ന്യൂഡൽഹി)

ഇന്ത്യയിൽ പ്രമേഹരോഗികളുടെ എണ്ണം വൻതോതിൽ വർധിക്കുന്നതായി പഠനം.ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്- ഇന്ത്യ ഡയബറ്റീസ്(ICMR-INDIAB )നടത്തിയ സർവ്വേയിൽ 10 കോടിയിലധികം ആളുകൾക്ക് ഇന്ത്യയിൽ പ്രമേഹമുള്ളതായി കണ്ടെത്തി. 13.6 കോടിആളുകൾക്ക് പ്രീ ഡയബറ്റിക് ആണെന്നും,31.5 കോടി ആളുകൾക്ക് ഉയർന്ന രക്തസമ്മർദ്ദം ഉണ്ടെന്നും ഈ പഠനത്തിൽ പറയുന്നുണ്ട്. മെറ്റാബോളിക് നോൺകമ്മ്യൂണിക്കബിൾ

ആയ അസുഖങ്ങളുടെ(NCD)വ്യാപനം സംബന്ധിച്ച് ഇത്തരത്തിലൊരു പഠനം നടത്തുന്നത് ആദ്യമാണ്.രാജ്യത്തെ തന്നെ ഏറ്റവും വലിയ സർവ്വേകളിൽ ഒന്നാണിത്.

25.4 കോടി ആളുകളിൽ പൊണ്ണത്തടി,35.1 കോടി ആളുകളിൽ അടിവയറ്റിലെ പൊണ്ണത്തടി,21.3 കോടി ആളുകൾക്ക് ഉയർന്നകൊളസ്ട്രോൾ(ഹൈപ്പർകൊളസ്ട്രോ ലീമിയ)18.5 കോടി ആളുകൾക്ക് ഉയർന്ന LDL കൊളസ്ട്രോൾ അല്ലെങ്കിൽ ചീത്ത കൊളസ്ട്രോൾ ഉണ്ടെന്നും സർവ്വേയിൽ കണ്ടെത്തി.ഇന്ത്യയിലെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കേരളം,പുതുച്ചേരി,ഗോവ, സിക്കിം,പഞ്ചാബ് എന്നിവിടങ്ങളിൽ ഇത്തരം അസുഖങ്ങളുടെ വ്യാപനം കൂടുതലാണെന്ന് പഠനം പറയുന്നു.

പ്രമേഹ രോഗികളെക്കാളധികം പ്രീ ഡയബറ്റിസ് ഉള്ളവർ രാജ്യത്ത് ഉണ്ടെന്നുള്ളതാണ് കൂടുതൽ ആശങ്കാജനകം.ഇതിനർത്ഥം വരും വർഷങ്ങളിൽ പ്രമേഹരോഗികളുടെ എണ്ണം ഗണ്യമായി വർദ്ധിക്കുമെന്നാണ്.2019 ൽ 7.4 കോടി പ്രമേഹരോഗികളായിരുന്നു രാജ്യത്തുണ്ടായിരുന്നത്. കഴിഞ്ഞ നാല് വർഷം കൊണ്ടാണ് ഇന്ത്യയിൽ ഇവരുടെ എണ്ണത്തിൽ വൻ കുതിച്ചുചാട്ടമുണ്ടായത്.

2020 ഓടെ ഇന്ത്യയിൽ 35 - 40 ലക്ഷം പ്രമേഹരോഗികൾ ഉണ്ടാവും എന്ന് പറഞ്ഞാൽ ലോകത്തിലെ പ്രമേഹ രോഗികളിൽ ഓരോ അഞ്ചാമനും ഇന്ത്യക്കാരനായിരിക്കും. അതിലേക്ക് കേരളത്തിൽ നിന്നുമായിരിക്കും, മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലെന്ന് ഡോക്ടേഴ്സ് അസോസിയേഷൻ കണ്ടെത്തിയിരിക്കുന്നു.

2008 നും 2020 നും ഇടയിൽ നടത്തിയ സർവ്വേയിൽ 113043 ആളുകൾ പങ്കെടുത്തു. ഇവരിൽ 33 537 പേർ നഗരവാസികളും,79506 പേർ ഗ്രാമവാസികളുമാണ്.ഇന്ത്യയുടെ വടക്കുഭാഗത്തും,തെക്കുഭാഗത്തുമാണ് ഏറ്റവും ഉയർന്നപ്രമേഹകണക്കെന്നാണ് പഠനത്തിൽ കണ്ടെത്തിയത്.മധ്യഭാഗത്തും വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലും അസുഖവ്യാപനം കുറവാണെന്ന് പഠനത്തിൽ പറയുന്നത്. "ദി ലാൻസെറ്റ് ഡയബറ്റിസ് ആൻഡ് എൻഡോക്രൈനോളജി" എന്ന ജേണലിൽ വ്യാഴാഴ്ചയാണ് പ്രസ്തുത പഠനം പ്രസിദ്ധീകരിച്ചത്.

കേരളസംസ്ഥാനത്തിലെ കുട്ടികളുടെ ശാരീരിക സ്ഥിതി മുൻതലമുറകളെ അടിസ്ഥാനപ്പെടുത്തി വിശകലനം ചെയ്യുകയാണെങ്കിൽ ഇപ്പോഴത്തെകുട്ടികൾ ശാരീരിക കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്റെ തോത് വളരെകുറവാണ്.

സ്വന്തമായൊരു കളി സ്ഥലത്തിന്റെ അഭാവം ഞങ്ങളുടെ സ്കൂളിലെ കായിക പ്രവർത്തനങ്ങൾക്ക് വിഘാതമാകുന്നുണ്ട്.

ലക്ഷ്യം:-കായികക്ഷമത കൈവരിക്കൽ,ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കൽ.

പ്രവർത്തനം:-

*യോഗ

*സൈക്കിൾ

*കിഡ്സ് അത്‌ലറ്റിക്സ് ആൻഡ് അത്‌ലറ്റിക്സ്

*മേജർ ഗെയിം - ഹാൻഡ്ബോൾ, ഫുട്ബോൾ, ഷട്ടിൽ

*മൈനർ ഗെയിംസ്

*എയ്റോബിക്സ്:

യോഗ:-5-10 ക്ലാസിലെ കുട്ടികൾക്ക്,ഒരു വർഷം ചുരുങ്ങിയത് 54 മണിക്കൂർ യോഗ ചെയ്യാൻ നീക്കിവെക്കുന്നു.അത് രാവിലെയാണ് ചെയ്യേണ്ടത് ക്ലാസ് അടിസ്ഥാനത്തിൽ 15 മിനിറ്റ് യോഗ ചെയ്യണം.2024 ജൂൺ,ജൂലായ്,ഓഗസ്റ്റ് മാസങ്ങളിൽ 15 മണിക്കൂർ യോഗക്കായി മാറ്റിവെച്ചിരിക്കുന്നു.

യോഗപരിശീലന കളരി സംഘടിപ്പിക്കുന്നതിനായി ഒരു ഇൻസ്ട്രക്ടർ പുറത്തുനിന്ന് 10 ദിവസത്തേക്ക് കാണുന്നു.

| യോഗ ഉപകരണങ്ങൾ | | | | |
|---|---|---|---|---|
| ക്ര.നം | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |
| 1 | യോഗ മാറ്റ് | 390 | 10 | 3900 |
| 2 | പരിശീലകൻ 10 ദിവസത്തേക്ക് (500X10 | | | 5000 |
| Total | | | | 8900 |

സൈക്കിൾ:-ജൂൺമാസത്തിൽ യു.പി തലത്തിലെ മുഴുവൻ കുട്ടികളിലും സൈക്കിൾ സവാരി അറിയുന്നവരുടെ സർവ്വേ നടത്തുന്നു.ജൂലായ് രണ്ടാം വാരത്തിനുശേഷം അറിയാത്തവരെ, അറിയുന്നവരുടെയും,അധ്യാപിക/അധ്യാപകരുടെയും സഹായത്തോടെ സൈക്കിൾസവാരി പഠിപ്പിക്കാൻ തുടങ്ങുന്നു.ഇതിനായി സ്കൂളിൽ സൈക്കിളിൽ വരുന്നകുട്ടികളുടെ സൈക്കിളുകൾ ഉപയോഗിച്ച് പ്രവർത്തനം സുഗമമാക്കുന്നു.പുതുതായി 4 സൈക്കിൾവാങ്ങാൻ PTA യിൽ നിർദ്ദേശം വെക്കുന്നു.

| സൈക്കിൾ പഠനം | | | | |
|---|---|---|---|---|
| ക്ര.നം | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |
| 1 | സൈക്കിൾ | 8500 | 4 | 34000 |
| Total | | | | 34000.00 |

കിഡ്സ് അത്ലെറ്റിക്സ് & അത്‌ലറ്റിക്സ്:

| കിഡ്സ് അത്ത് ലെറ്റിക് സ് ഉപകരണങ്ങൾ | | | | |
|---|---|---|---|---|
| ക്ര.നം | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |
| 1 | മെഡിസിൻബോൾ 1 | 600 | 2 | 1200 |
| 2 | മെഡിസിൻബോൾ 2 | 650 | 2 | 1300 |
| 3 | മിനി ബാസ്കറ്റ് ബോൾ | 600 | 2 | 1200 |

| | | | | |
|---|---|---|---|---|
| 4 | റോപ്പ് ലേഡർ (50cm സ്കയർ )5 മീറ്റർ | 650 | 1 | 650 |
| 5 | ത്രോബോൾ | 500 | 2 | 1000 |
| 6 | ഫ്ലൈയിംഗ് ഡിസ്ക് | 180 | 12 | 2160 |
| 7 | കോൺ | 68 | 20 | 1360 |
| 8 | സ്റ്റെപ്പ് ജംപ്പിംഗ് ബോക്സ് | 450 | 4 | 1800 |
| 9 | ഹഡിൽസ് 40cm ,60cm | 390 | 4 | 1560 |
| 10 | സ്കിപ്പിംഗ് റോപ്പ് | 120 | 5 | 600 |
| 11 | ജാവലിൻ 400 ഗ്രാം,600 ഗ്രാം | 680 | 4 | 2720 |
| Total | | | | 15550 |

**മേജർ ഗെയിം.**

ഓഗസ്റ്റ്,സെപ്റ്റംബർ,ഒക്ടോബർ,നവംബർ മാസങ്ങളിൽ വിവിധഗെയിമുകൾ പരിശീലിപ്പിക്കുന്നു. പ്രധാനമയി ഹാൻഡ്ബോൾ ഫുട്ബോൾ ഷട്ടിൽ എന്നിവയാണ് തിരഞ്ഞെടുക്കുന്നത്.

**ഫുട്ബോൾ**

ഫുട്ബോളിന് ചെറിയ ഗ്രൗണ്ട് (പള്ളിപ്പറമ്പ്)മാത്രമേ സ്കൂളിന് സൗകര്യപ്രദമുള്ളത് .മാനേജറുടെ നിർദ്ദേസമനുസരിച്ച് ഗ്രൗണ്ട് നിരപ്പാക്കിത്തരും എന്ന ഉറപ്പിൽ,പുറമെനിന്നും ഒരു കോച്ചിന്റെ സഹായത്താൽ ഒരു വർഷക്കാലം നീണ്ട് നിൽക്കുന്ന പരിശീലനപദ്ധതി ആസൂത്രണം ചെയ്യു . ഇതിന്റെ ഫണ്ട് ,പങ്കെടുക്കുന്ന കുട്ടികളിൽ നിന്നും,പി.ടി.എ,യിൽ നിന്നും,മറ്റ് സ്പോൺസർമാരിൽ നിന്നും കണ്ടെത്തണം. ജൂലൈ മാസത്തിൽ താല്പര്യമുള്ള കുട്ടികളുടെ രക്ഷിതാക്കളുടെ സമ്മതപത്രം വാങ്ങി നിശ്ചിതഫീസ് ഈടാക്കി പദ്ധതി നടപ്പാക്കാം.

| ഫുട്ബോൾ | | | | |
|---|---|---|---|---|
| ക്ര .നം | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |
| 1 | ഫുട്ബോൾ | 1100 | 20 | 22000 |
| 2 | ഫുട്ബോൾഗോൾ പോസ്റ്റ് (മിനി)2 സെറ്റ് | 2500 | 4 | 10000 |
| 3 | ഫുട്ബോൾ പോസ്റ്റ് നെറ്റ് | 875 | 4 | 3500 |
| | | | | 35500.00 |

**ഷട്ടിൽ ബാഡ് മിന്റൺ**

നാളേക്ക് ഇൻഡോർ കോർട്ട് ആവും എന്ന പ്രതീക്ഷയിൽ ഷട്ടിൽബാഡ് മിന്റൺ കോർട്ട് സ്കൂൾ മുറ്റത്ത് പുതുതായി നിർമിച്ചു.

| മേജർ ഗെയിം ഉപകരണങ്ങൾ | | | | |
|---|---|---|---|---|
| ക്ര .നം | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |

| | | | | |
|---|---|---|---|---|
| 1 | ഹാൻഡ്ബോൾ | 780 | 4 | 3120 |
| 2 | ഹാൻഡ്ബോൾ പോസ്റ്റ് | 1250 | 1 | 1250 |
| 3 | മിനി ഗോൾ പോസ്റ്റ് | 1200 | 2 | 2400 |
| 4 | ഷട്ടിൽ ബാറ്റ് | 620 | 8 | 4960 |
| 5 | ഷട്ടിൽ ബാഡ് മിന്റൺ നെറ്റ് | 490 | 2 | 980 |
| 6 | ഷട്ടിൽ കോക്ക് | 680 | 4 | 2720 |
| 8 | ഷട്ടിൽ ബാഡ് മിന്റൺ പോസ്റ്റ് | 750 | 2 | 1500 |
| 9 | ഖൊ-ഖൊ പോസ്റ്റ് | 500 | 2 | 1000 |
| Total | | | | 17930.00 |

**മൈനർ ഗെയിം**

വിവിധ മേജർ ഗെയിമിനോട് അനുബന്ധിച്ചുള്ള മൈനർജിയും കളിപ്പിക്കുന്നു.ജൂൺ,ജൂലൈ ഓഗസ്റ്റ് മാസങ്ങളിൽ സ്കൂളിന്റെ ഹാളിലും വരാന്തയിലും ഒഴിഞ്ഞ സ്ഥലങ്ങളിലും സംഗീതത്തിന്റെ സഹായത്തോടെയും,അല്ലാതെയും,താളാത്മകമായി എയ്റോബിക്ക്എക്സർസൈസുകൾ നിശ്ചിത സമയം ചെയ്യുന്നു .ഇതിനായി ഒരു ഇൻസ്ട്രക്ടറെ ചുമതലപ്പെടുത്തുന്നു.

| സാമ്പത്തിക അവലോകനം | | |
|---|---|---|
| ക്ര നം | ഇനങ്ങൾ | തുക |
| 1 | യോഗ | 8900:00 |
| 2 | സൈക്കിൾ | 34000:00 |
| 3 | കിഡ്സ് അത്‌ ലറ്റിക് സ് | 15550:00 |
| 4 | ഫുട്ബോൾ | 35500.00 |
| 5 | മേജർ ഗെയിം | 17930.00 |
| Total | | 111830.00 |

**ട്രാഫിക് നിയമങ്ങൾ ബോധ്യപ്പെടുത്തുന്നു**

ഇന്നത്തെ പ്രശ്നം റോഡ് നിയമങ്ങളെ കുറിച്ച് വ്യക്തമായ ധാരണ ഇല്ലായ്മയാണ്.

**ലക്ഷ്യങ്ങൾ റോഡ് നിയമങ്ങളെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക എന്നതാണ്.**

റോഡ് അപകടങ്ങൾ അനുദിനം വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത് പ്രധാനമായും റോഡ് നിയമങ്ങൾ പാലിക്കാത്തതാണ് കാരണം. പ്രാഥമിക വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ റോഡ് നിയമങ്ങളെ കുറിച്ചുള്ള ധാരണ കുട്ടികളിൽ രൂപപ്പെടുത്താൻ കഴിയണം.വാഹനാപകടങ്ങൾ ഉണ്ടാകാനുള്ളകാരണങ്ങളെക്കുറിച്ച് കുട്ടികൾക്ക് പറയാൻകഴിയണം. കാൽനടയായും,വാഹനങ്ങളിലും വിദ്യാലയത്തിലെത്തുന്ന കുട്ടികൾ തീർച്ചയായും,കാൽനടയാത്രക്കാരും വാഹനയാത്രക്കാരും ശ്രദ്ധിക്കേണ്ടകാര്യങ്ങൾ അറിഞ്ഞിരിക്കണം.സീബ്ര ലൈൻ,

അടയാളവിളക്കുകൾ,ട്രാഫിക് ചിഹ്നങ്ങൾ തുടങ്ങിയവ എന്തെന്ന് കുട്ടികൾ വ്യക്തമായി ബോധ്യപ്പെടുത്തണം.ചെറിയകളികളിലൂടെയും ചർച്ചകളിലൂടെയും നിരീക്ഷണങ്ങളിലൂടെയും ഈ കാര്യങ്ങൾ കുട്ടികളിൽ എത്തിക്കുവാൻ ശ്രമിക്കണം. സുരക്ഷിതയാത്രയ്ക്കായി ഒട്ടേറെ കാര്യങ്ങൾ താൻ ശ്രദ്ധിക്കേണ്ടതുണ്ട് എന്ന് ഓരോ കുട്ടിയും തിരിച്ചറിയണം.

**പ്രവർത്തനങ്ങൾ.**

വാർത്ത, കൊളാഷ് വിശകലനം.

സീബ്രാ ലൈൻ -ചിത്ര നിരീക്ഷണം.

ട്രാഫിക് വിളക്കുകൾ- വീഡിയോ പ്രദർശനം

ട്രാഫിക് വിളക്കുകൾ വരച്ച് നിറം നൽകൽ

അടയാള വിളക്കുകൾ ചർച്ച

വാഹനം ഓടിക്കാം കളി. തുടങ്ങിയവ

**മോണിറ്ററിംഗ്.**

ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ മാസ്റ്റർ പ്ലാനിന്റെ മോണിറ്ററിംഗ് കമ്മിറ്റിയായി HM ജനറൽ കൺവീനറായും,കായികാധ്യാപകൻ കൺവീനർ രണ്ടുപേരും ചേർന്ന് ഏഴ് അംഗ കമ്മിറ്റി രൂപീകരിക്കണം.

കലണ്ടർ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിക്കാനും, മാസത്തിൽ ഒരു തവണയെങ്കിലും വി ലയിരുത്താനും, ഓരോ പ്രവർത്തനത്തിന്റെയും ഹാജർ പരിശോധിച്ച് അംഗീകരിക്കുകയും വേണം

അരുൺദാസ് പി യു
H & PET , ജെപിഇ എച്ച്എസ്എസ്
കൂർക്കെഞ്ചേരി
2025-26

Academic Master Plan Arabic 2025-2026

അന്തർദേശീയ ഭാഷകളിൽ ഇംഗ്ലീഷിനൊപ്പം നിൽക്കുന്നതും ലോകഭാഷകളിൽ മൂന്നാം സ്ഥാനം അലങ്കരിക്കുന്നതുമായ ഭാഷയാണ് അറബിക്. നമ്മുടെ മാതൃരാജ്യത്തിന് ഒട്ടനവധി സംഭാവനകൾ നൽകിയ വൈദേശിക ഭാഷകളിൽ ശ്രദ്ധേയമായ ഭാഷയാണ് അറബി. ഭാഷയുടെ ചില പ്രയോഗങ്ങളും വാക്കുകളും നമ്മുടെ നിത്യജീവിതത്തിൽ ഇടം നേടിയിട്ടുണ്ട്. പ്രാചീന സെമിറ്റിക് കുടുംബത്തിൽ ഇന്നും സജീവമായി നിലനിൽക്കുന്ന ഒരു ഭാഷയാണ് അറബി.

നമ്മുടെ വിദ്യാലയങ്ങളിൽ മറ്റ് വിഷയങ്ങൾക്കൊപ്പം ഇട ചേർന്ന് അറബി ഭാഷാ അധ്യയനവും മുന്നോട്ട് പോകുന്നു. ഇത് വളരെ അഭിമാനകരവും അഭിനന്ദനീയവുമാണ്. പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെയും വിദ്യാർത്ഥി ശാക്തീകരണത്തിന്റെയും പ്രഥമപടിയായ അക്കാദമിക് മാസ്റ്റർ പ്ലാൻ നിർമാണത്തിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഭാഷാ അധ്യയന മേഖലയിൽ വ്യത്യസ്ഥ വഴികൾ ഉണ്ടാക്കുക എന്നതും ഭാഷാ പഠനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തുക എന്നതും

# MASTER PLAN ARABIC JPEHS KOORKENCHERY

| ലക്ഷ്യം | പ്രവർത്തനം | ഭൗതികം | സമയം | പിന്തുണ |
|---|---|---|---|---|
| • ലോകഭാഷയിൽ മൂന്നാം സ്ഥാനത്തിൽ ഉള്ള അറബി അറബി ഭാഷ പഠിക്കാനും ഇതിനെ സ്വാംശീകരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക | 1 **മികവിന്റെ വഴിയിൽ**<br>ഭാഷാശേഷി വളർച്ച ഉറപ്പ് വരുത്തുക.<br>അറിവ് പരിശോധിക്കൽ<br>വാചകങ്ങൾ നിർമ്മിക്കൽ | പുസ്തകങ്ങൾ<br>വർക്ക്ഷീറ്റുകൾ | 2 months | BRC<br>SMC<br>PTA |
| | 2 **വായനാവസന്തം**<br>* വായന മത്സരം<br>ക്ലാസ് ലൈബ്രറി<br>വായന കുറിപ്പുകൾ<br>അറബിക് പത്രവായന | പത്രങ്ങൾ<br>മാഗസിനുകൾ<br>പുസ്തകങ്ങൾ<br>ലൈബ്രറി | 6 months | ,,<br>,, |
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷ പഠനാശേഷികൾ കുട്ടികളിൽ ഉറപ്പുവരുത്തുക | 3 **എഴുത്ത് കൂട്ടം**<br>വായന കുറിപ്പ്<br>ചുവർ ചിത്രങ്ങൾ<br>പോസ്റ്ററുകൾ | ചാർട്ടുകൾ<br>പത്രങ്ങൾ | 12 months | ,, |
| ഭാഷാശേഷി വർധിപ്പിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക | 4 **അറബിക് ക്ലബ്ബ് പ്രവർത്തനങ്ങൾ**<br>* ആശയ വിനിമയ വേദി<br>* അറബിക് മേള<br>* മോണോ ആക്ട്<br>* പ്രസംഗം<br>* സംഭാഷണം | | 12 months | ,, |
| വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഉറപ്പ് വരുത്തുക<br>IT സാധ്യതകൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക<br>സർഗ്ഗശേഷികൾ ഉണർത്തുക വികസിപ്പിക്കുക | 5 **ലാംഗ്വേജ് ലാബ്**<br>* സ്മാർട്ട് ക്ലാസ്റൂം<br>* സാഹിത്യ ലേഖനങ്ങൾ<br>* ചിത്രീകരണങ്ങൾ<br>* ആനിമേഷൻ | ITC<br>പുസ്തകങ്ങൾ | | BRC<br>SSK<br>SMC |

# SPEHS 2025-2026
# KOORKANCHERY സംസ്കൃതം മാസ്റ്റർ പ്ലാൻ

സാമൂഹികജീവിതത്തിൽ ക്രിയാത്മകമായി ഇടപെടുന്നതിനും, ലോകത്തിന്റെ ഗതിവിഗതികൾ തിരിച്ചറിയുന്നതിനും കുട്ടിയെ പ്രാപ്തമാക്കുന്നതാണ് ദൗത്യം.

എല്ലാ കുട്ടികൾക്കും വായിക്കുന്നതിനും, എഴുതുന്നതിനും പാഠപുസ്തകങ്ങൾക്ക് അപ്പുറത്ത് പ്രവർത്തനങ്ങൾ ആവശ്യമാണ്.

പ്രവർത്തനങ്ങൾ :-

- കുട്ടിയെ സ്വയം സംസാരിക്കുന്നതിന് പ്രാപ്തമാക്കുക
- സ്വന്തമായി വാചകങ്ങൾ നിർമ്മിക്കാൻ പ്രാപ്തമാക്കുക
- പാഠപുസ്തകത്തിനോടൊപ്പം അനുബന്ധപുസ്തകങ്ങളും പരിചയപ്പെടുത്തുക.
- എല്ലാ ദിവസവും പത്രവായന നടത്തുക.
- എല്ലാ കുട്ടികളേയും സിദ്ധരൂപം പഠിപ്പിക്കുന്നു.
- 10 ലകാരങ്ങളെ പരിചയപ്പെടുത്തുന്നു.
- കവിതകൾ, ഗാനങ്ങൾ, പ്രഭാഷണങ്ങൾ എന്നിവ പരിശീലിപ്പിക്കുന്നു.
- സംസ്കൃതം അസംബ്ലി നടത്തുന്നു.
- സംസ്കൃത പ്രദർശിനി നടത്തുന്നു.
- സംഭാഷണ ശിബിരം നടത്തുന്നു.

# സംസ്കൃതം - അക്കാദമിക മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സാമഗ്രികൾ | കാലയളവ് | പിന്തുണ |
|---|---|---|---|---|
| 1. കുട്ടിയെ സ്വയം സംസാരിക്കാൻ പ്രാപ്തമാക്കുന്നു. | 5 മുതൽ 10 വരെയുള്ള ക്ലാസിലെ കുട്ടികളെ ചെറിയ ചെറിയ വാചകങ്ങൾ പഠിപ്പിക്കുന്നു. അതിലൂടെ സ്വയം സംസാരിക്കാൻ പ്രാപ്തരാക്കുന്നു. | ചാർട്ട് പേപ്പർ ബ്ലാക്ക് ബോർഡ് | നിരന്തരം | Teachers Parents PTA |
| 2. സ്വന്തമായി വാചകങ്ങൾ നിർമ്മിക്കാൻ പഠിപ്പിക്കുന്നു. | 5 - 10 ക്ലാസ്സ് മുതൽ കർത്താവ് - കർമ്മം - ക്രിയ എന്നിവ ഉപയോഗിച്ച് ചെറിയ ചെറിയ വാചകങ്ങൾ എഴുതാൻ പഠിപ്പിക്കുന്നു. | ചാർട്ട് പാഠപുസ്തകം ബ്ലാക്ക് ബോർഡ് | നിരന്തരം | SRG PTA Parents |
| 3. അനുബന്ധ പുസ്തകങ്ങളെ പരിചയപ്പെടുത്തുന്നു. | പാഠപുസ്തകങ്ങളിലെ വിഷയവുമായി ബന്ധപ്പെട്ട മലയാള പുസ്തകങ്ങൾ വായിക്കാൻ കൊടുക്കുന്നു. അതുവഴി കൂടുതൽ സംസ്കൃത വിഷയങ്ങളെക്കുറിച്ച് അറിയാൻ സാധിക്കുന്നു | പാഠപുസ്തകം മലയാള പുസ്തകങ്ങൾ | നിരന്തരം | Library SRG Parents |
| 4. പത്രവായന നടത്തുന്നു. | എല്ലാ ദിവസവും അന്നത്തെ വാർത്തകൾ സംസ്കൃതത്തിൽ എഴുതി തയ്യാറാക്കി അദ്ധ്യാപികയുടെ സഹായത്തോടെ വായിക്കുന്നു. | പത്രം | നിരന്തരം | Parents PTA SRG |

## സംസ്കൃതം - അക്കാദമിക മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സാമഗ്രികൾ | കാലയളവ് | പിന്തുണ |
| --- | --- | --- | --- | --- |
| 5. സിദ്ധരൂപം പഠിപ്പിക്കൽ | 5 മുതൽ എല്ലാ കുട്ടികളെയും വിഭക്തിയുടെ അർത്ഥങ്ങൾ പറഞ്ഞുകൊടുത്ത് സിദ്ധരൂപം മനഃപാഠമാക്കുന്നു | സിദ്ധരൂപ ചാർട്ട് ബ്ലാക്ക് ബോർഡ് | നിരന്തരം | PTA Parents |
| 6. ലകാരങ്ങൾ പരിചയപ്പെടുത്തുന്നു | 10 ലകാരങ്ങളുടെ അർത്ഥവും പ്രയോഗങ്ങളും പരിചയപ്പെടുത്തുന്നു | ലകാര പുസ്തകം ചാർട്ട് ബോർഡ് | 6 മാസം | PTA Parents SRG |
| 7. കവിതകൾ, ഗാനങ്ങൾ, പ്രഭാഷണം എന്നിവ പരിശീലിപ്പിക്കുന്നു | കലോത്സവത്തിന് മുന്നോടിയായി സംസ്കൃതം പദ്യം, ഗാനം, പ്രഭാഷണം കഥാകഥനം എന്നിവ പഠിപ്പിക്കുന്നു. | അനുബന്ധ പുസ്തകങ്ങൾ പ്രബന്ധ രചന | 6 മാസം | Teacher PTA SRG |
| 8. സംസ്കൃതം അസംബ്ലി | എല്ലാ ആഴ്ചയിലും ഒരു ദിവസം സംസ്കൃത അസംബ്ലി നടത്തുന്നു. പ്രതിജ്ഞ, പ്രാർത്ഥന, സുഭാഷിതം, എന്നിവ സംസ്കൃതത്തിൽ ചെയ്യുന്നു. | പത്രം ചാർട്ട് പത്രവാർത്തകൾ | നിരന്തരം | SRG PTA |
| 9. സംസ്കൃതം പ്രദർശിനി | നമ്മുടെ ചുറ്റും ഉപയോഗിക്കുന്ന നിത്യോപയോഗ സാധനങ്ങളുടെ പേരുകൾ എഴുതി അവയുടെ മാതൃകകളും, പുസ്തകങ്ങൾ ചാർട്ടുകൾ എന്നിവ പ്രദർശിപ്പിക്കുന്നു | ചാർട്ട് മാതൃകകൾ മറ്റ് അനുബന്ധ പുസ്തകങ്ങൾ | ഒരു ദിവസം ഒരു ആഴ്ച | PTA SRG |

# ഇംഗ്ലീഷ്.

## ലക്ഷ്യം

കേരളത്തിലെ ജനങ്ങൾ ഇന്ന് ഇംഗ്ലീഷ് പഠിക്കുന്നതിനായി അങ്ങേയറ്റം ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. ഇതിനാൽ തന്നെ എത്ര തന്നെ സാമ്പത്തിക ഭാരം വഹിച്ചായാലും ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ മക്കളെ പഠിപ്പിക്കുവാൻ രക്ഷിതാക്കൾ ആഗ്രഹിക്കുന്നു. മാതൃഭാഷയോളം തന്നെ പ്രാധാന്യം ഇംഗ്ലീഷ് ഭാഷയ്ക്കും നൽകുന്ന ഈയവസരത്തിൽ ഇംഗ്ലീഷ് ഭാഷ മെച്ചപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം എത്രത്തോളം ഉണ്ടെന്ന് നമുക്ക് മനസ്സിലാക്കാം. ഇംഗ്ലീഷ് ഭാഷ മെച്ചപ്പെടുത്തി വിദ്യാർത്ഥികളുടെ ഭാവി സുരക്ഷിതമാക്കുന്നതിനായി തയ്യാറാക്കുന്ന പദ്ധതിയാണ് ഇവിടെ സമർപ്പിക്കുന്നത്.

## ഉദ്ദേശ്യങ്ങൾ

- വായിക്കാൻ പ്രോത്സാഹനം. – റീഡിംഗ് കോർണർ
- മികച്ച ശ്രോതാവ് – ആകാശവാണി ക്ലബ്
- മികച്ച എഴുത്തുകാരൻ – ക്ലബ് പ്രവർത്തനം
- മികച്ച വിദ്യാർത്ഥി – ശ്രദ്ധേയം

വിദ്യാലയങ്ങളിൽ എത്തുന്ന വിദ്യാർത്ഥികളിൽ ഇംഗ്ലീഷ് പഠനത്തോടൊപ്പം അവരെ മികച്ച വായനക്കാരനും ശ്രോതാവും എഴുത്തുകാരനും അതിനേക്കാളുപരി മികച്ച വിദ്യാർത്ഥിയുമായി മാറി ഒരു മികച്ച പൗരനായി മാറുവാനുള്ള സഹായം.

## ഉൽപ്പന്നങ്ങൾ

- ഭാഷയിലെ ഉയർന്ന ശേഷികൾ കൈവരിക്കുവാൻ ഇടവരുന്നു.
- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ അനായാസം ആശയ വിനിമയം നടത്തുന്നതിന് പ്രാപ്തരാക്കും.

ഗുരുവിന് കുട്ടികളുമായി ഫലപ്രദമായ ആശയവിനിമയം നടത്തുന്ന വിധം ഭാഷയിലെ വിവിധ സങ്കേതങ്ങൾ പ്രയോഗിക്കുന്നതിന് പ്രാപ്തനാകും.

* ഓരോ കുട്ടിയുടെയും അഭിരുചിക്കനുസരിച്ച് സർഗ്ഗാത്മക പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിന് വിവിധ രീതിയിൽ ആവിഷ്കരിക്കുന്നതിന് പ്രാപ്തനാകും.
* ഓരോ കുട്ടിയും തന്റെ ആവശ്യങ്ങൾ താൽപ്പര്യങ്ങൾ എന്നിവ പറഞ്ഞും എഴുതിയും പ്രകടിപ്പിക്കുന്നതിന് പ്രാപ്തനാകും.

ഉപലബ്ധങ്ങൾ

* എല്ലാ കുട്ടികൾക്കും വായനയും എഴുത്തും ഉറപ്പുവരുത്തും.
* വിവിധ ശേഷികൾ സ്വായത്തമാക്കാൻ വൈവിധ്യമാർന്ന അവസരങ്ങളൊരുക്കും.
* School library എല്ലാ കുട്ടികളും ഉപയോഗിക്കുന്നു.

പ്രവർത്തനങ്ങൾ

* പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്താൻ പ്രീടെസ്റ്റ് നടത്തൽ
* ചിത്രങ്ങളുടെ സഹായത്തോടെ അക്ഷരം ഉറപ്പിക്കുന്നു.
* അക്ഷര കാർഡ്, സിംപിൾ ഗെയിംസ്, എന്നീ പ്രവർത്തനങ്ങളിലൂടെ സ്പെല്ലിംഗ് പഠിപ്പിക്കുന്നു.
* ക്യാപിറ്റൽ ലെറ്റർ, സ്മോൾ ലെറ്റർ, വൗവൽസ് എന്നിവ ചാർട്ട്, ലെറ്റർ കാർഡ്, ഐ.സി.ടി എന്നിവയിലൂടെ പ്രദർശിപ്പിച്ച് അവയുടെ ഉപയോഗത്തെപ്പറ്റിയുള്ള ധാരണ ഉറപ്പിക്കുന്നു.
* സ്വന്തം സർഗാത്മക രചനകൾ ഉൾപ്പെടുത്തി ഇംഗ്ലീഷ് മാഗസിൻ തയ്യാറാക്കുന്നു.
* പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് വേണ്ടി പ്രത്യേക ക്ലാസ്സ് നൽകുന്നു.
* ഡിക്ഷണറി ഉപയോഗിച്ച് പുതിയതും പഴയ വാക്കുകളുടെ അർത്ഥം കണ്ടെത്തി പഠിക്കുവാനും അവസരമൊരുക്കി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശരിയായ ഇംഗ്ലീഷ് ഉച്ചാരണം മനസ്സിലാക്കാനും അതു ശരിയായി ഉപയോഗിക്കാനും കഴിയുന്നു. | ഉച്ചാരണ ശുദ്ധിയോടെ ഇംഗ്ലീഷ് Record ചെയ്ത് കേൾപ്പിക്കുന്നു. | June July. | English teacher | English club |
| ഇംഗ്ലീഷ് ഭാഷ വിദ്യാർത്ഥികൾക്ക് ആത്മവിശ്വാസത്തോടെ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | ഇംഗ്ലീഷിൽ നടക്കുന്ന വിദ്യാലയത്തിലെ പ്രവർത്തനങ്ങളിൽ പങ്കാളിത്തം നൽകുന്നു. English Library സജ്ജമാക്കി English corner, Story time, English Assembly. | August. | " | " |
| വായന പരിപോഷിപ്പിക്കുന്നു. | തെരഞ്ഞെടുത്ത പുസ്തകങ്ങൾ വായിക്കാൻ അവസരം നൽകുന്നു | September | " | " |
| English ഭാഷ ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുന്നു. | Role play, English day ആഘോഷം, പ്രശസ്ത English poet-കളുടെ കവിതകൾ ഉൾപ്പെടുത്തി കവിയരങ്ങ് നടത്തുന്നു | അദ്ധ്യയന വർഷം. | | |
| കവിതാലാപനം, കവിതാ രചന പ്രോത്സാഹിപ്പിക്കുന്നു | English Audio കേൾക്കാനുള്ള അവസരം, കവിതാ രചന, ആലാപന മത്സരങ്ങൾ നടത്തി അംഗീകാരം നൽകുന്നു. | Once in a month. | " | " |
| സാങ്കേതിക വിദ്യാ സഹായത്തോടെ English ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുന്നു | പ്രശസ്ത വ്യക്തികളുമായി വിവിധ വേദികളിൽ പ്രശസ്ത വ്യക്തികൾ പങ്കെടുക്കുന്ന Interview, Video conference എന്നിവ നടത്തുന്നു. | " | | |
| സംവാദ പാടവം വളർത്തുന്നു. | | | | |

# HINDI

JPEHS 2025-2026
KOOTKENCHERY ഹിന്ദി മാസ്റ്റർ പ്ലാൻ

സാമൂഹിക ജീവിതത്തിൽ ക്രിയാത്മകമായി ഇടപെടുന്നതിനും മനുഷ്യനെ പ്രാപ്തമാക്കുന്നതാണ് ഭാഷ.

എല്ലാ കുട്ടികൾക്കും വായിക്കുന്നതിനും എഴുതുന്നതിനും പാഠപുസ്തകങ്ങൾക്ക് അപ്പുറത്ത് പ്രവർത്തനങ്ങൾ ആവശ്യമാണ്

പ്രവർത്തനങ്ങൾ

1. കുട്ടിയെ സ്വയം സംസാരിക്കുന്നതിന് പ്രാപ്തമാക്കുക
2. സ്വന്തമായി വാചകങ്ങൾ നിർമ്മിക്കാൻ പ്രാപ്തമാക്കുക
3. പാഠപുസ്തകത്തിനോടൊപ്പം അനുബന്ധ പുസ്തകങ്ങളും പരിചയപ്പെടുത്തുക

| Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|
| വായന | ഗ്രൂപ്പ് തിരിച്ച്<br>2. വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>3. ക്ലാസ് സഭ<br>4. ദിനാചരണങ്ങൾ<br>5. വായന സാമഗ്രികൾ വികസിപ്പിക്കൽ<br>6. പുസ്തകം ഒരുക്കൽ യു. പി. വായന<br>7. വായനക്കൂട്ടം മോണിറ്ററിംഗ് | 6 മാസം<br>ജൂൺ ഒക്ടോബർ | ക്ലാസ് ലൈബ്രറി | URC<br>DET<br>PTA |
| എഴുത്തിനുള്ള ശേഷി കൈവരിക്കുന്നു ശ്രമിക്കുന്നു | കേട്ടിട്ട് എഴുത്തിനുള്ള ശേഷിയിടങ്ങളും ചിത്രം കണ്ടിട്ടും എഴുത്തിൽ ശ്രമിപ്പിക്കും | | | |

| Programme | Activity | Duration | ഭൗതികം | പിന്തുണ |
| --- | --- | --- | --- | --- |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. അക്ഷരം ഉറപ്പിക്കൽ<br>2. ചിഹ്നം ഉറപ്പിക്കൽ<br>3. അക്ഷരകാർഡ് നൽകൽ<br>4. വാക്കുകൾ എഴുതിയ കാർഡ്<br>5. ഉച്ചാരണ ശൈലി<br>6. ചിത്രകഥാപുസ്തകം നൽകൽ<br>7. സി.ഡിയിൽ ഒരു ചിത്രം നൽകി വാക്കുകൾ എഴുതുക<br>8. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്<br>9. ഭാഷാ ക്ലാസ്സ് ആവശ്യമാണ്. | 2 മാസം ജൂൺ ജൂലായ് | ചിത്രം സിഡി | URC DIET SCERT PTA |
| ഭിന്നശേഷിയുള്ളവരെ പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ | ചിത്രം വരപ്പിക്കുക എഴുതാൻ ശ്രമിപ്പിക്കുക | | | |

# സാമൂഹ്യശാസ്ത്രം - മാസ്റ്റർപ്ലാൻ - അവലോകനം 2025-2026

സമഗ്ര ഗുണമേന്മ വിദ്യാലയ വികസന പദ്ധതിയിൽ ലക്ഷ്യമിട്ടു കൊണ്ട് അക്കാദമിക മികവിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു മാസ്റ്റർ പ്ലാൻ ആണ് തയ്യാറാക്കിയിരിക്കുന്നത്. സാമൂഹ്യശാസ്ത്ര പഠനത്തിലൂടെ ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിച്ച് ഉത്തമപൗരന്മാരെ വാർത്തെടുക്കുവാൻ ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നത്. ആസ്വാദ്യകരമാകുന്ന പഠനപ്രവർത്തനങ്ങളോടൊപ്പം, ഭിന്നശേഷി കുട്ടികളെ പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകിയിട്ടുണ്ട്.

സഹിഷ്ണുതാ മനോഭാവവും സഹകരണ മനോഭാവവും വളർത്തുന്നതിനും, സാമൂഹികാവബോധം വളർത്തുന്നതിനും പര്യാപ്തമാകുന്ന വിധം തനിമയാർന്ന പ്രവർത്തനങ്ങൾക്കാണ് പ്രോത്സാഹനം നൽകുന്നത്.

പൊതുവിദ്യാഭ്യാസത്തെ കരുത്തുറ്റതാക്കാൻ വ്യക്തമായ കാഴ്ചപ്പാടോടെ പ്രകടമായ മാറ്റം സാധ്യമാക്കാൻ ഇച്ഛാശക്തിയോടെ ഒത്തൊരുമിച്ച് ഈ കർത്തവ്യം ഏറ്റെടുക്കാം.

## സാമൂഹ്യശാസ്ത്രം മാസ്റ്റർപ്ലാൻ 2025-2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമഗ്രി |
|---|---|---|---|---|
| * വിദ്യാർത്ഥികളുടെ ദൈനംദിനജീവിത പ്രശ്നങ്ങൾ പരിഹരിച്ച് ഉത്തമ പൗരന്മാരാക്കുക. | പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനം. മരംനട്ടുപിടിപ്പിക്കൽ, പരിസ്ഥിതി ശുചീകരണം. | ജൂൺ | S.S ക്ലബ് | |
| * വിവര വിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും, ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും, റോഡ് സുരക്ഷയെക്കുറിച്ചും ബോധവാന്മാരാക്കുന്നു. | റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. പ്ലക്കാർഡ്, പോസ്റ്റർ നിർമ്മാണം എന്നിവ കുട്ടികൾ ചെയ്യുന്നു. | ജൂൺ | S.S അധ്യാപകർ | |
| * വിദ്യാർത്ഥികളിൽ നല്ല സാമൂഹിക നാഗരികബോധം സൃഷ്ടിക്കുക. | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയിലെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | ജൂലൈ | U.P, HS കുട്ടികൾ | |
| * സാമൂഹ്യശാസ്ത്ര പഠനത്തിൽ പിന്നോക്കാവസ്ഥ പരിഹരിക്കാനും താൽപ്പര്യം വർദ്ധിപ്പിക്കാനും | ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രബോധം വളർത്തുന്നു. * പ്രാദേശിക ചരിത്രരചന | ആഗസ്റ്റ് | S.S അധ്യാപകർ | S.S club |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമഗ്രികൾ |
|---|---|---|---|---|
| * കുട്ടികളിൽ ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക. | * നമ്മുടെ നാട്ടിൽ നടക്കുന്ന തിരഞ്ഞെടുപ്പുരീതി സ്കൂളിൽ നടപ്പാക്കൽ. | സെപ്റ്റംബർ | UP, HS അധ്യാപകർ | |
| * വിദ്യാർത്ഥികൾക്ക് പ്രാദേശിക ചരിത്ര രചനയെകുറിച്ച് അറിയുന്നതിന് | * പ്രാദേശിക വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ചോദ്യാവലി തയ്യാറാക്കുക.<br>* അഭിമുഖം- പ്രാദേശികവിവരങ്ങൾ അറിയുന്ന പ്രായം ചെന്ന ആളുമായി. | ഒക്ടോബർ | UP, HS | |
| * ഭൂപടങ്ങളെ കുറിച്ചുള്ള അറിവ് നേടുന്നതിന് | * അറ്റ്ലസ് നിർമ്മാണം<br>* കട്ടൗട്ടുകൾ ഉപയോഗിച്ച് ഭൂപടം പൂർത്തിയാക്കുന്നു- കേരളത്തിലെ ജില്ലകൾ, ഇന്ത്യയുടെ സംസ്ഥാനങ്ങൾ എന്നിവയുടെ കട്ടൗട്ടുകൾ. | നവംബർ, ഡിസംബർ | U.P, HS | |
| * പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവൽക്കരിക്കുന്നു. | * ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ് വെള്ളപ്പൊക്കം എന്നിവയുടെ തീവ്രത മനസ്സിലാക്കുക.<br>* ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കുക.<br>* രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുക. | ജനുവരി ഫെ (ബ്രു) | S.S club | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | * മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽ കാടുകൾ, തണ്ണീർത്തടങ്ങൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | ജനുവരി | S.S club | PTA |
| * സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | * അറിവ് പരിശോധിക്കുന്നതിന് പ്രഹേളികകൾ നൽകുന്നു. ICT സാധ്യത ഉപയോഗിച്ച് Memory Test നടത്തുന്നു. | അക്കാദമിക വർഷം | S.S അധ്യാപകർ | |
| * സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | * മിതവ്യയശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സഹായസാമഗ്രികൾ ദുരന്ത ബാധിത പ്രദേശങ്ങളിൽ ആശ്വാസമാകുന്നു. | അക്കാദമിക വർഷം | S.S club | |

# ശാസ്ത്ര അക്കാദമിക മാസ്റ്റർ പ്ലാൻ

വിദ്യാഭ്യാസ നിലവാരം ഉയർത്തുക, വിദ്യാർഥികളുടെ സർവതോന്മുഖമായ വികാസം ഉറപ്പ് വരുത്തുക, ശാസ്ത്രബോധവും, സ്വതന്ത്ര ചിന്തയും വളർത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് മാസ്റ്റർ പ്ലാൻ വിഭാവനം ചെയ്തത്. ഇതിനനുസരിച്ച് വിദ്യാലയത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ തീരുമാനിച്ചു

* ശാസ്ത്രശേഷികൾ വളർത്തുക
* ലഘുപരീക്ഷണങ്ങൾ, ചുറ്റുപാടുകളിൽ നിന്ന് ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് ചെലവ് കുറഞ്ഞ രീതിയിൽ still models, working models നിർമാണം എന്നിവ നടത്തുക.
* പകർച്ചവ്യാധികൾ, മുൻകരുതലുകൾ, പ്രതിരോധ മാർഗ്ഗങ്ങൾ എന്നിവയെ കുറിച്ച് വ്യക്തമായ ധാരണ കുട്ടികൾക്ക് നൽകാനായി Rabies free campagin, snake awareness and protection class, Health inspector class എന്നിവ നടത്തി അവബോധം ഉണ്ടാക്കുക.
* ഊർജപ്രതിസന്ധിയെ കുറിച്ച് അവബോധം നൽകുക.
* ഊർജസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനായി സർവെ നടത്തുക, ബോധവൽക്കരണ ക്ലാസ് നടത്തുക.
* പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക. വിത്തു ബോളുകൾ നിർമ്മിച്ച് വിതരണം ചെയ്യുക.
* ജൈവ കൃഷിരീതി അവലംബിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക. പച്ചക്കറിതോട്ടം നിർമ്മിച്ചത് വിപുലീകരിക്കുക.
* ലഹരിവിരുദ്ധ class സംഘടിപ്പിക്കുക (Police, Excise department) സഹായത്തോടെ
* ശാസ്ത്രമേള സംഘടിപ്പിക്കുക
* ശാസ്ത്രത്തെ പ്രായോഗിക ജീവിതവുമായി ബന്ധപ്പെടുത്തി അധ്യാപനവും അധ്യയനവും നടത്തുക.

* മെച്ചപ്പെട്ട ആരോഗ്യം, പോഷകാഹാരം എന്നിവയെ കുറിച്ച് വ്യക്തമായ ധാരണ കുട്ടികൾക്ക് നൽകുക

* വിവിധ സംഘടനകളുടെ സഹായത്തോടെ വൃക്ഷത്തൈകൾ വിതരണം ചെയ്യുക.

* Eye Test നടത്തുക.
* Plastic വിമുക്ത Campus ആയത് ഒന്നുകൂടി ഉറപ്പിക്കുക
* ശാസ്ത്ര ലാബ് നവീകരിക്കുക.
* കൂടുതൽ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി പരീക്ഷണചാരുത വർദ്ധിപ്പിക്കുക
* ശാസ്ത്രവായന പ്രോത്സാഹിപ്പിക്കുക.
* സാമൂഹ്യബോധവും വ്യക്തിവികാസവും പ്രോത്സാഹിപ്പിക്കാൻ സഹായകമായ രീതിയിൽ work place visit, Industrial visit etc. നടത്തുക.
* ശാസ്ത്രാഭിരുചി വളർത്താനായി ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം, പിന്നിട്ട വഴികൾ, അവരുടെ സംഭാവനകൾ ഉൾപ്പെടുത്തി IT സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഓരോ കുട്ടികളും വിവരശേഖരണം നടത്തുന്നു.
* പ്രകൃതിയെ ഹനിക്കാതെയും മലിനമാക്കാതെയും എങ്ങനെ ശാസ്ത്രം ഉപയോഗിക്കാം - ഇതിനെ ആസ്പദമാക്കിയുള്ള പ്രവർത്തനങ്ങൾ നടത്തുക
* രാസവസ്തുക്കളുടെ വിവേചനരഹിതമായ ഉപയോഗം എങ്ങനെ ഒഴിവാക്കാം. സമൂഹത്തെയും കുടുംബത്തെയും കുട്ടികൾ വഴി ബോധവൽക്കരണ പ്രവർത്തനങ്ങൾ. (eg: Fast food, Packet food ഇതിൽ ചേർക്കുന്ന രാസവസ്തുക്കൾ, വർദ്ധിച്ചു വരുന്ന food Poison തുടർന്നുള്ള മരണങ്ങൾ)

* ലഹരിവസ്തുക്കളുടെ ഉപയോഗം ഇല്ലാതാക്കാൻ ഉള്ള ബോധവത്ക്കരണപ്രവർത്തനങ്ങൾ കൂടുതൽ ഉൾപ്പെടുത്തൽ (eg: skit, മൈം)
* പ്രകൃതി പഠനയാത്രകൾ, പ്രകൃതി നടത്തം എന്നിവ ഒരുക്കൽ.
* കുടിവെള്ള സംരക്ഷണ പ്രവർത്തനങ്ങൾ.

തനതു പ്രവർത്തനം

* തൊഴിൽ ഉദ്ഗ്രഥിത വിദ്യഭ്യാസം
- തുണിസഞ്ചി നിർമ്മാണം
- പാചക പരിശീലനം (ചെറുധാന്യങ്ങൾ)
- Waste material കൊണ്ട് കരകൗശല വസ്തു നിർമ്മാണം
- കൃഷി.

# ശാസ്ത്രം - മാസ്റ്റർ പ്ലാൻ 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിരീക്ഷണപാടവം പരിപോഷിപ്പിക്കൽ | പ്രകൃതി നിരീക്ഷണം, പരിസരനിരീക്ഷണം, തൊഴിൽശാല സന്ദർശനം, പരീക്ഷണങ്ങൾ നിരീക്ഷിക്കൽ. പാഠഭാഗവുമായി ബന്ധപ്പെട്ട വസ്തുക്കൾ നിരീക്ഷിക്കൽ | October. അക്കാദമിക വർഷം | സയൻസ് അധ്യാപകർ, Science club അംഗങ്ങൾ. | — |
| ശാസ്ത്രപ്രക്രിയ ശേഷികൾ വികസിപ്പിക്കൽ. | പരീക്ഷണക്കുറി<br>പരീക്ഷണ നിരീക്ഷണ പാടവം, തെളിവ് സ്വരൂപിച്ച് നിഗമനത്തിലെത്താനുള്ള ശേഷി വർദ്ധിക്കുന്നു. | അക്കാദമിക വർഷം. | അധ്യാപകർ, വിദ്യാർത്ഥികൾ | Lab-ലെ പരീക്ഷണ വസ്തുക്കൾ |
| | പ്രോജക്ട്<br>പാഠഭാഗവുമായി ബന്ധപ്പെട്ട project ചെയ്യുന്നതിലൂടെ പ്രക്രിയാശേഷികൾ വർദ്ധിക്കുന്നു. | | അധ്യാപകർ, വിദ്യാർത്ഥികൾ. | |
| | ശാസ്ത്രോത്സവം, ശാസ്ത്രമാസിക തയ്യാറാക്കൽ | Second term. | വിദ്യാർത്ഥികൾ. | |
| ശാസ്ത്രബോധം കൈവരിക്കൽ | Newspaper, Internet, Social media വഴി ശാസ്ത്രലോകത്തെ പുതിയ കണ്ടുപിടിത്തങ്ങൾ, മാറ്റങ്ങൾ മനസ്സിലാക്കുന്നു. | അക്കാദമിക വർഷം | Science club അംഗങ്ങൾ (ICT) | |

| മേഖല | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| ശാസ്ത്രമനോഭാവം വളർത്തൽ | ശാസ്ത്രജ്ഞർ, പ്രതിഭ കണ്ടുപിടുത്തങ്ങൾ പരിചയപ്പെടുത്തൽ. | First term | കൺവീനർ, വിദ്യാർഥി | PTA |
| | ശാസ്ത്രോത്സവം (Class School, Subdistrict...) പങ്കെടുക്കൽ ശാസ്ത്രീയ പരിശീലനം നിത്യജീവിത ശാസ്ത്രീയത, മനോഭാവം വളർത്തുന്നു. | August | | |
| Electronic, Robotics സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തൽ | ഈ വർഷം ഉള്ള SSK-യിൽ നിലവിൽ വന്ന Robotics സാങ്കേതിക വിദ്യയുടെ ഉപയോഗം ഉപയോഗപ്പെടുത്തുന്നു | September October | IT കൺവീനർ, വിദ്യാർഥികൾ. | |
| ആരോഗ്യസേവ, പരിസ്ഥിതി സംരക്ഷണം, പ്രകൃതിസൗഹൃദ ജീവിതം | കുട്ടികളുടെ health record സൂക്ഷിക്കുന്നു | | Health club | |
| | . പ്ലാസ്റ്റിക് നിരോധനം<br>. വൃക്ഷത്തൈ നട്ടുപിടിപ്പിക്കൽ | June | Eco club | PTA |
| | . പച്ചക്കറി കൃഷി | [illegible] | Science club | |
| വൈജ്ഞാനിക മേഖല വികസനം | Quiz മത്സരം<br>Inspire Award,<br>YIP programme<br>Seminar പങ്കെടുക്കൽ<br>നിത്യ കുട്ടികൾ ശേഖരിച്ച് സമാഹരിക്കൽ | ദിനാചരണങ്ങൾക്കനുസരിച്ച്<br>July, August | കൺവീനർ, Science club അംഗങ്ങൾ. | PTA |

| പദ്ധതി | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| ജൈവിക ഉദ്യാന വിന്യാസം. | * തുണിസഞ്ചി നിർമ്മാണം<br>* പാചക പരിശീലനം (ചെറുധാന്യങ്ങൾ)<br>* Waste materials കൊണ്ട് കരകൗശല നിർമ്മാണം<br>* കൃഷി | July.<br>August<br>October | PTA അംഗങ്ങൾ<br>Eco club<br>കുട്ടികൾ | PTA |

# ഗണിതം : MASTER PLAN
# - 2025-26

ഗണിതപഠനം രസകരമാക്കുന്നതിനും പഠിതാക്കളിൽ ഗണിതപഠനവും യുക്തിചിന്താപരവുമായ ശേഷികൾ വികസിപ്പിക്കുന്നതിന് ആവശ്യമായ രീതിയിൽ തയ്യാറാക്കിയ school Master plan ഗണിതധ്യാപകർ അവലോകനം നടത്തി. കഴിഞ്ഞ അധ്യയനവർഷങ്ങളിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ കണ്ടെത്തുകയും, തുടർന്ന് സാധ്യമാക്കാൻ ഉള്ളവ ഏതെന്ന് ചർച്ച ചെയ്ത് തീരുമാനിക്കുകയും ചെയ്തു.

ദൈനംദിന ജീവിതത്തിലെ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്, ഗണിതപഠനം എത്രത്തോളം ആവശ്യമെന്ന് ഓരോ പാഠഭാഗങ്ങളിലെ ആശയങ്ങളിൽ നിന്നും പഠിതാക്കൾ മനസ്സിലാക്കുകയും നിത്യജീവിതത്തിൽ അവ പ്രയോഗികമാക്കാൻ വേണ്ടതായ പ്രവർത്തനങ്ങൾ ആലോചിച്ച് രേഖപ്പെടുത്തുകയും ചെയ്തു.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
| --- | --- | --- | --- | --- |
| 1. അടിസ്ഥാന ഗണിത ശേഷികൾ എല്ലാ പഠിതാക്കളും ഉറപ്പ് വരുത്തൽ. | ഗണിത ശില്പശാല<br>കളി രീതിയിലുള്ള അടിസ്ഥാന ശേഷികൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ്. ഉപയോഗിക്കുന്നു. | ജൂൺ | ഗണിത അധ്യാപകർ | അധ്യാപകർ |
| 2. സമഗ്രമായ ഗണിതശാസ്ത്ര പഠനവും കാ ചരണ ശേഷിയുടെ വികാസവും. | ഒറിഗാമി ശില്പശാല<br>ജാപ്പനീസ് ഒറിഗാമിയിലൂടെ ഗണിതശേഷികൾ ഉറപ്പിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കൽ അവയിലെ ഗണിത ബന്ധങ്ങൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരുപ്രാവശ്യം | ഗണിത അധ്യാപകർ | |
| 3. ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ, ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | അധ്യയന സമയം. | ഗണിത അധ്യാപകർ | |
| 4 ഗണിതം രസകരമാക്കൽ | ഗണിത പാർക്ക്<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു വർഷം | ഗണിതാധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| 5 ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർധിപ്പിക്കൽ | ഗണിത ഗ്രാമം<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിൽ മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ നൽകാനും ഉപയോഗിക്കുന്നു. | | | |
| 6. ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിൽ പ്രയോജനപ്പെടുത്തൽ. | ഐ.ടി സാധ്യതകളിലൂടെ<br>ജ്യാമിതീയ രൂപങ്ങൾ ചിത്രീകരിക്കൽ ടാൻഗ്രാം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ, ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തി കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരുപ്രാവശ്യം. | | |
| 7. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ നിലവാരമെത്തിക്കുന്നു. | ഗണിത ക്ലിനിക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകർ മുൻനിരയിൽ നിൽക്കുന്ന കുട്ടികളെ ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരിക്കൽ | ഗണിത അധ്യാപകർ സമർത്ഥരായ കുട്ടികൾ | |
| 8. വിവിധ മേഖലയിൽ വികസനം | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ ചർച്ച ചെയ്യുന്നു. നിശ്ചിത ദിവസങ്ങളിൽ അവ നടപ്പിലാക്കുന്നു. | അതാത് സമയം. | SRG | |

## അക്കാദമിക് മാസ്റ്റർപ്ലാൻ കലാപഠനം - 2025-2026

- കലാപഠനം നമ്മുടെ ശ്രദ്ധയും, ധിഷണയും ആവശ്യപ്പെടുന്ന ഒരു വിഷയമേഖലയാണ്. ചിത്രശില്പകല, സംഗീതം, നൃത്തം, നാടകം, സിനിമ എന്നി മേഖലകളിലൂടെയാണ് ഓരോ പഠിതാവും കടന്നുപോവുന്നത്. ഈ മേഖലകളെ കുറിച്ച് അറിവ് വർധിക്കുന്നു എന്നതിൽ ഉപരി ഓരോ വിദ്യാർത്ഥികളുടെയും ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന സർഗാത്മക കഴിവുകളെ കണ്ടെത്തി വികസിപ്പിക്കുന്നതിനും. കലാപരമായ സമീപനത്തിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും താൽപര്യം വർധിപ്പിക്കുന്നതിനും വേണ്ടി 2025-2026 കാലയളവിലേക്കാവശ്യമായ കാര്യങ്ങൾ നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കലാവിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളെ മുൻനിർത്തിക്കൊണ്ട് കൂടെ ഏറെ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് ചില പദ്ധതികൾ തയ്യാറാക്കിയിരിക്കുന്നു. കലാപഠനത്തിൽ ചിത്രശില്പകല, സംഗീതം, നൃത്തം, നാടകം, സിനിമ എന്നി 5 മേഖലകൾ കൈകാര്യം ചെയ്യാൻ ഉതകുന്നതുകൊണ്ട് ഒരുപാട് പ്രവർത്തനങ്ങൾ ചെയ്യേണ്ട ആവശ്യകത മനസ്സിലാക്കികൊണ്ട് തന്നെയാണ് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. അതിനുവേണ്ടി ഓരോ പഠിതാവിനെയും അവരുടെ
- കഴിവിനെ വികസിപ്പിക്കാൻ ഈ ഒരു അവസരം സ്കൂളിൽ ഉണ്ടാക്കി കൊടുക്കാനാണ് ആദ്യം ശ്രമിക്കുന്നത്.

# കലാവിദ്യാഭ്യാസ ലക്ഷ്യങ്ങൾ

1. കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക
2. കലാഭിരുചി വളർത്തുക
3. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക
4. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ, സാധ്യതകൾ കലാപരിശീലനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഇതിനാവശ്യമായ കൃത്യമായ പ്രവർത്തന പദ്ധതികൾ ആവിഷ്കരിക്കുക
6. ആദിവാസി മേഖലകളിലടക്കം വിദൂരപ്രദേശങ്ങൾ അവരുടെ തനതു കലകളെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തന പദ്ധതികൾ വികസിപ്പിക്കുന്നു.

| പ്രവർത്തനങ്ങൾ | വിലയിരുത്തൽ |
|---|---|
| 1. ഓരോ ക്ലാസിലും പഠിതാവിലുള്ള സർഗാത്മക കഴിവുകൾ കണ്ടെത്തുന്നു ഏത് മേഖലയിലാണ് അഭിരുചിയെന്ന് മനസ്സിലാക്കുന്നു | സ്വയം പഠിതാക്കൾ തങ്ങളുടെ അഭിരുചിക്കനുസരിച്ച് വളരുന്നു തങ്ങൾക്ക് പരിചിതമല്ലാത്ത കലാമേഖലകളെ പരിചയപ്പെടുന്നു |
| 2. പഠിതാക്കളെ, ചിത്രകല, സംഗീതം, നൃത്തം, അഭിനയം, സിനിമ തുടങ്ങിയ മേഖലകൾ കൊണ്ട് ഗ്രൂപ്പ് ആക്കി തിരിക്കുന്നു. | സ്വന്തമായി ഭാവനക്ക് അനുസരിച്ച് ചിത്രം വരക്കാനും വിവിധ സ്ഥാനങ്ങളിൽ ചിത്രം വരക്കാനും പഠിക്കുന്നു |
| 3. പഠിതാവിന് സർഗാത്മക അഭിരുചിക്കനുസരിച്ച് ഇഷ്ടമുള്ള മേഖല group-ൽ ചേരാവുന്നതാണ് | |

...ംശ്യം മുൻനിർത്തി കൊണ്ടുള്ള
താണ് അവതരണരീതിയും വാദ്യം
ചെയ്യുന്നതിനാൽ കലാസ്വാദനം കുട്ടികൾ
വളർത്തി

5. ദിനാചരണങ്ങൾ group ആയും, [illegible]
ങ്ങളിലും വ്യക്തിഗതമായും നടത്തുന്നു

6. പ്രശസ്തരായ കലാകാരൻമാരെയും
ചിത്രകാരൻമാരെയും, വിവിധ
സംഗീത ഉപകരണങ്ങളെയും, സംഗീത
നൃത്തായി, കലകളും വാദ്യം IT വഴി
പരിചയപ്പെടുത്തുന്നു.

7. കലാപരമായും വിനോദത്തിനുമുള്ള
പഠനത്തെ മുൻനിർത്തിയുള്ളവരെ
നിർബന്ധമായും ശ്രദ്ധിക്കുന്നു

8. ഭിന്നശേഷിയുള്ള കുട്ടികൾക്ക് പ്രത്യേകം
പരിഗണന കൊടുത്ത് അവരുടെ
കഴിവുകളെ വികസിപ്പിക്കുന്നു.

1. എല്ലാ ദിനാചരണങ്ങളും കലാപര
മായ രീതിയിൽ നടത്താറുണ്ട്, സംഗീതം
നൃത്തവും, ദൃശ്യാവിഷ്കാരങ്ങളും ഉൾ
പ്പെടുത്താറുണ്ട്

1. ഓണം, ക്രിസ്തുമസ് എന്നിങ്ങനെയുള്ള ആഘോഷ
ങ്ങൾ തെരഞ്ഞെടുത്തും മുൻനിർത്തിക്കൊണ്ടു
കലാരൂപങ്ങൾ കുട്ടികളെക്കൊണ്ട്
സ്റ്റേജിൽ അവതരിപ്പിക്കാറുണ്ട്

വിലയിരുത്തൽ

സംഗീതം, നൃത്തം, നാടകം
എന്നീ കലകൾ കവിതയും
ചെയ്യാൻ ഒരു ആത്മ
വിശ്വാസം ഉണ്ടാകുന്നു.

സിനിമയുടെ സാങ്കേതിക
വശങ്ങൾ അറിയാൻ കുട്ടി
കൾ സിനിമകളിലൂടെ
ആസ്വാദനം എന്നിവ ഉണ്ടാ
കുന്നു

Youth Festival, ദിനാചരണ
ങ്ങൾ, Anniversary എന്നീ
പരിപാടികളിൽ പങ്കെടു
ക്കാൻ കുട്ടികൾക്ക് ഉത്സാഹം
വർദ്ധിക്കുന്നു

ITC - വെബ് വഴിയുള്ള
പല പുതിയ കലാരൂപ
ങ്ങൾ പ്രശസ്തരായ കലാ
കാരൻമാരെ പരിചയ
പ്പെടുന്നു.

ഭിന്നശേഷി കുട്ടികൾ കലാപര
മായ കഴിവിലൂടെ അവരുടെ
ആത്മവിശ്വാസവും [illegible]
വും വർദ്ധിക്കുന്നു.

ഓരോ പഠിതാവിനും
തനതായ സർഗ്ഗാത്മക കഴിവു
കൾ ഉണ്ട് ആയതിനാൽ [illegible]
നടക്കുന്നു. school-ne
കലാപരമായി [illegible]
ആകുന്നു.

| പ്രവർത്തനങ്ങൾ | വിലയിരുത്തൽ |
| --- | --- |
| 1. ഓരോ രംഗങ്ങളും ഗാനങ്ങളും ആശയമായി Groupകളും വ്യക്തിപരമായും അവതരിപ്പിക്കും.. | |
| 2. കുറിപ്പുകൾ, ലേഖനങ്ങൾ, കഥകൾ, തിരക്കഥകൾ, കത്തുകൾ, പാട്ടുകൾ, ഗാനങ്ങൾ എന്നിവ എഴുതിക്കും | പഠിതാക്കളെ Groupകളായും വ്യക്തിപരമായും അവരുടെ കലാവിരുതുകളെ സ്വയംവിലയിരുത്താൻ സഹായിക്കുന്നു. |
| 3. ചിത്രകലയിൽ, ശില്പങ്ങൾ മണ്ണുകൊണ്ട് നിർമ്മിപ്പിക്കുന്നു ഭാഗങ്ങളെ ആസ്പദമാക്കി ചിത്രങ്ങൾ വരപ്പിക്കുന്നു | |
| 4. സംഗീതം, നൃത്തം, നാടകം എന്നിവ Groupകളായും വ്യക്തിപരമായും ക്ലാസിൽ അവതരിപ്പിക്കും. | |
| 5. സ്വന്തമായി Mobile-ൽ സിനിമ (Short Film പോലുള്ള) ഒരു നിർദ്ദേശം നൽകിയും | |

## വേറിട്ട പ്രവർത്തനങ്ങൾ

1. നൃത്തം, ചിത്രശില്പകല, നാടകം, സിനിമ, സംഗീതം എന്നീ മേഖലകളിൽ പ്രഗത്ഭരായ വ്യക്തികളുടെ ക്ലാസ് നടത്തുന്നു. സംഗീത നൃത്ത ചിത്ര ശില്പ നടത്തുന്നു.
2. കലാഭിരുചിയുള്ള കുട്ടികളെ സംസ്ഥാന കലോത്സവങ്ങളിലും മറ്റ് വേദികളിലും പങ്കെടുപ്പിക്കുന്നു.
3. ഭിന്നശേഷിയുള്ള കുട്ടികളെ പ്രത്യേക പ്രാധാന്യം നൽകി അവരുടെ കലാഭിരുചി കണ്ടെത്തി വേദികളിൽ പങ്കെടുപ്പിക്കുന്നു.
4. സൈബർ സുരക്ഷ, ലഹരി ഉപയോഗം - ഈ വിഷയത്തെ മുൻനിർത്തി Short film,
5. കലയിൽ താല്പര്യമുള്ള കുട്ടികളെ മുൻനിർത്തിക്കൊണ്ട് Youtube channel കുട്ടികളുടെ കഴിവുകളെ വികസിപ്പിക്കുക എന്നതാണ് ഉദ്ദേശം.
6. പരിസരപ്രദേശങ്ങളിൽ വസിക്കുന്ന കലാകാരൻമാരെ പരിചയപ്പെടുകയും അഭിമുഖസംഭാഷണവും Document ഡോക്യുമെന്ററി നിർമ്മാണം.
7. ആദിവാസി മേഖലകളിലെ നൃത്തരൂപങ്ങളും പാട്ടുകളും ശേഖരണ പരമ്പരകളെ അറിയുക
8. കുട്ടികളുടെ കലാപരമായ ഉദ്ദേശത്തെ മുൻനിർത്തി. "അരങ്ങിന്ന്" എന്ന പേരിൽ ഒരു ആർട്സ് ക്ലബ് ആരംഭിക്കുന്നു.